**ശ്രദ്ധക്ഷണിക്കൽ**

വിമാനത്താവളത്തിലെ അറ്റകുറ്റപ്പണികൾ

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, മലബാറിന്റെ വികസനരംഗത്തെ ആണിക്കല്ലായ കോഴിക്കോട് വിമാനത്താവളത്തിന്റെ ഇന്നത്തെ അവസ്ഥയെ സംബന്ധിച്ചാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിലൂടെ അവതരിപ്പിക്കുന്നത്. വരുമാനത്തിൽ മറ്റു വിമാനത്താവളങ്ങളെ അപേക്ഷിച്ച് മുന്നിൽ നില്ക്കുന്ന ഈ വിമാനത്താവളം പ്രവാസികളുടെയും യാത്രക്കാരുടെയും സംഭാവനകൾ കൂടി സ്വീകരിച്ചുകൊണ്ടാണ് പടുത്തുയർത്തിയിരിക്കുന്നത്. ഇപ്പോൾ റൺവേ അറ്റകുറ്റപ്പണിയുടെ പേരിൽ വലിയ വിമാനങ്ങളുടെ സർവ്വീസുകൾ റദ്ദാക്കിയിരിക്കുകയാണ്. ഇതുകാരണം ഈ വർഷത്തെ ഹജ്ജ് സർവ്വീസ് കരിപ്പൂരിൽ നിന്ന് നെടുമ്പാശ്ശേരിയിലേക്ക് മാറ്റേണ്ടി വന്നിരിക്കുകയാണ്. 2015 സെപ്തംബർ 15-ന് റൺവേയുടെ അറ്റകുറ്റപ്പണി ആരംഭിക്കുമെന്നാണ് അറിയിച്ചിരിക്കുന്നത്. ദിവസവും ആറുമണിക്കൂർ വീതം ജോലി ചെയ്ത് 19 മാസംകൊണ്ട് പ്രവൃത്തി തീർക്കുമെന്നാണ് അധികൃതർ അറിയിച്ചിരിക്കുന്നത്. എന്നാൽ ഇതിന്റെ പ്രവൃത്തി തുടങ്ങുന്നതിന് 5 മാസം മുമ്പുതന്നെ വിമാന സർവ്വീസുകൾ റദ്ദാക്കിയതും വിദേശ വിമാനക്കമ്പനികളുടെ കോഴിക്കോട്ടെ

ഓഫീസുകൾ അടച്ചുപൂട്ടിയതും ജനങ്ങളിൽ ഏറെ സംശയങ്ങൾക്ക് ഇടയാക്കിയിട്ടുണ്ട്. പെരുന്നാൾ, ഓണം അവധി, ഗൾഫിൽ സ്കൂൾ തുറക്കുന്ന അവസരം എന്നിങ്ങനെയുള്ള സമയത്തുതന്നെ ഈ പ്രവൃത്തി ആരംഭിക്കുന്നതിന്റെ ബുദ്ധിശൂന്യതയും ചോദ്യം ചെയ്യപ്പെടുന്നുണ്ട്. കൂടാതെ സാങ്കേതികവിദ്യകൾ ഏറെ പുരോഗമിച്ച ഈ കാലത്ത് റൺവേ അറ്റകുറ്റപ്പണികൾക്ക് 19 മാസം വേണ്ടിവരുമെന്നതും ജനങ്ങൾ സംശയത്തോടെയാണ് കാണുന്നത്. ഇത് കരിപ്പൂർ വിമാനത്താവളം തകർക്കുന്നതിനുള്ള ഗൂഢാലോചനയുടെ ഭാഗമാണെന്നും ജനങ്ങൾ വിശ്വസിക്കുന്നു. ഒട്ടേറെ സമരപരിപാടികൾ ഈ ഭാഗത്ത് നടന്നിട്ടുണ്ട്. വിമാനക്കമ്പനികളാകട്ടെ ഈ അവസരം മുതലെടുത്ത് ഗൾഫിലേയ്ക്കുള്ള നിരക്ക് അഞ്ചിരട്ടിയായി വർദ്ധിപ്പിക്കുകയാണ് ചെയ്തത്. അതുകൊണ്ട് സർക്കാർ ഇക്കാര്യത്തിൽ ഗൗരവമായി ഇടപെടണം. റൺവേ അറ്റകുറ്റപ്പണി കൃത്യമായും സമയബന്ധിതമായും നടത്തണം. ആധുനിക സാങ്കേതികവിദ്യയുപയോഗിച്ച് കുറഞ്ഞ സമയത്തിനകം തീർക്കണം. പ്രവൃത്തി കഴിഞ്ഞാൽ വിമാനത്താവളം മുമ്പത്തെപ്പോലെ പ്രവർത്തിക്കുന്നതിന് അവസരമൊരുക്കണം. കൂടാതെ നെടുമ്പാശ്ശേരി വിമാനത്താവളത്തിലേയ്ക്ക് കരിപ്പൂരിൽ നിന്ന് കണക്ഷൻ ഫ്ലൈറ്റ് ഏർപ്പെടുത്തുകയും കസ്റ്റംസും എമിഗ്രേഷൻ ക്ലിയറൻസും കരിപ്പൂരിൽത്തന്നെ

നടത്തുന്നതിന് നടപടി സ്വീകരിക്കുകയും വേണം. ഇക്കാര്യത്തിൽ സർക്കാരിന്റെ അടിയന്തര ശ്രദ്ധ പതിയണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, കോഴിക്കോട് വിമാനത്താവളത്തിലെ റൺവേ നിർമ്മിച്ചിരിക്കുന്നത് പരമാവധി കോഡ് ഡി-വിമാനങ്ങൾക്ക് എ-310 വരെ മതിയാവുന്ന ബലത്തിലും നീളത്തിലുമാണ്. നിരന്തരമായി ബി-747 പോലുള്ള ഭാരംകൂടിയ വിമാനങ്ങൾ ഉപയോഗിച്ചതിനാൽ 2014-മുതൽ 2650 മീറ്റർ നീളമുള്ള റൺവേ പൊളിഞ്ഞുപോകാൻ തുടങ്ങുകയും താല്ക്കാലിക അറ്റകുറ്റപ്പണികൾ കൊണ്ട് റൺവേ നിലനിർത്താൻ പറ്റാത്ത അവസ്ഥ സംജാതമാവുകയും ചെയ്തു. അതിനാൽ വിമാനങ്ങളുടെയും വൈമാനികരുടെയും യാത്രക്കാരുടെയും സുരക്ഷ ഉറപ്പാക്കാൻ കഴിയാത്ത അവസ്ഥയിൽ എയർലൈൻസ് ഓപ്പറേറ്റർമാരുമായി കൂടിയാലോചിച്ചാണ് വലിയ ഭാരംകൂടിയ വിമാനങ്ങൾക്ക് ഉപയോഗ യോഗ്യമാക്കാമെന്ന് ഉറപ്പാക്കുംവരെ റൺവേയുടെ കാര്യക്ഷമതയ്ക്ക് ചേർന്ന വിമാനങ്ങൾ മാത്രം അനുവദിച്ചാൽ മതിയെന്ന തീരുമാനം എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യ നടപ്പിലാക്കിയത്. എന്നാൽ എയർപോർട്ട് മുഴുവനായി അടച്ചിരുന്നില്ല. 2015 സെപ്തംബർ 15 മുതൽ 18 വരെ പ്രതിദിനം 8 മണിക്കൂർ,

പകൽ 12 മണി മുതൽ രാത്രി 8 മണിവരെ റൺവേ ബലപ്പെടുത്തുന്നതിനും ഇപ്പോൾ ഉണ്ടായിട്ടുള്ള കേടുപാടുകൾ പരിഹരിക്കുന്നതിനുംവേണ്ടി റൺവേ ഉപയോഗം നിർത്തിവയ്ക്കുകയും ചെയ്തിരിക്കുകയാണ്. മുമ്പുണ്ടായിരുന്ന എല്ലാ വിമാനസർവ്വീസുകളും തുടർന്നും ഉണ്ടാകുമെന്നും പുതുക്കിയ സമയവിവരങ്ങൾ മുൻതീരുമാനങ്ങൾ അനുസരിച്ച് വിമാനക്കമ്പനികൾ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും കൂടാതെ 'ഇൻഡിഗോ, ഇതിഹാത്' എന്നീ പുതിയ സർവ്വീസുകൾ തുടങ്ങിയിട്ടുണ്ടെന്നും തിരക്ക് ഒഴിവാക്കാൻ അധിക കൗണ്ടറുകൾ സ്ഥാപിക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യ അറിയിച്ചിട്ടുണ്ട്. റൺവേ അറ്റകുറ്റപ്പണികൾ ഇലക്ട്രോണിക്സ് സെൻസർ പവർ, കമ്പ്യൂട്ടർ നിയന്ത്രിത ബാച്ച് മിക്സ്ർ പ്ലാന്റ്, റോളർ വൈബ്രേറ്റർ മുതലായ ആധുനിക വിദ്യകൾ ഉപയോഗിച്ച് സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നിബന്ധനകളോടെ എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യ ടെൻഡറുകൾ സ്വീകരിച്ചിട്ടുണ്ട്. അറ്റകുറ്റപ്പണികൾ നിശ്ചിതസമയത്തിനുള്ളിൽ പൂർത്തിയാക്കാനും അതുവരെ പ്രതിദിനം 16 മണിക്കൂർ റൺവേയുടെ കാര്യക്ഷമതയ്ക്ക് ചേർന്ന വിമാനങ്ങൾ സർവ്വീസ് നടത്തുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോഴിക്കോട് വിമാനത്താവളത്തിന്റെ ഒന്നാംഘട്ട വികസനത്തിന്, അതായത്

പുതുക്കിയ ടെർമിനൽ ബിൽഡിംഗ്, പാർക്കിംഗ് ബേ, എന്നിവയ്ക്കായി 132 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നോട്ടിഫിക്കേഷനുകളും പൂർത്തിയായി. ഇതുകൂടാതെ പുനരിധിവാസത്തിനായി 20 ഏക്കർ ഭൂമിയും എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യയുടെ റസിഡൻഷ്യൽ കോളനിയ്ക്കായി 5 ഏക്കർ ഭൂമിയും കെ.എസ്.ഐ.യ്ക്കുവേണ്ടി 15 ഏക്കർ ഭൂമിയും ഉൾപ്പെടെ 40 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. രണ്ടാംഘട്ട വികസനത്തിനായി, റൺവേ വികസനം, പാർലർ ടാക്സ് ബേ, എക്സലേഷൻ ബേ ഇവയ്ക്കുവേണ്ടി 248.3 ഏക്കർ ഭൂമി ആവശ്യമാണ്. ഈ ഭൂമി ഏറ്റെടുത്ത് നടത്തുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഒന്നാംഘട്ട വികസത്തിനുള്ള 137 ഏക്കർ ഭൂമി ലഭ്യമാകുന്നില്ലായെങ്കിൽ പാർക്കിംഗ് ബേയുടെ സ്ഥലപരിമിതി മൂലം എയർപോർട്ട് പ്രവർത്തനങ്ങൾ പരിമിതപ്പെടും. കൂടുതൽ വിമാനസർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യാൻ സാധിക്കില്ല. രണ്ടാംഘട്ട വികസനത്തിനാവശ്യമായ 248.3 ഏക്കർ ഭൂമി ലഭ്യമാക്കിയാൽ വലിയ വിമാന സർവ്വീസുകളായ എമിറേറ്റ്സ്, സൗദി എയർലൈൻസ് തുടങ്ങിയവ ഓപ്പറേറ്റ് ചെയ്യാൻ സാധിക്കും. സ്ഥലം ഏറ്റെടുക്കുന്നതോടെ എയർപോർട്ടിന്റെ വികസനം പൂർണ്ണമാകും. കോഴിക്കോട് വിമാനത്താവളത്തിന്റെ റൺവേ അറ്റകുറ്റപ്പണികൾക്കായി അടച്ചിടുന്നതുമൂലം

യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ ഏർപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ ഫലപ്രദമാകാത്ത സാഹചര്യമുണ്ടാകുകയാണെങ്കിൽ സംസ്ഥാന സർക്കാർ കേന്ദ്രവ്യോമയാന മന്ത്രാലയത്തെ സമീപിക്കുന്നതാണ്. ഈ വിഷയം ചർച്ച ചെയ്യുന്നതിനായി ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശമനുസരിച്ച് ബന്ധപ്പെട്ടവരുടെ അടിയന്തരയോഗം നാളെ വിളിച്ചുചേർക്കാൻ തീരുമാനിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് വളരെ ഗൗരവമുള്ള പ്രശ്നമാണ്. പ്രത്യേകിച്ച് പെരുന്നാൾ സീസണിലും സ്കൂൾ റീ-ഓപ്പണിംഗ് സമയത്തും ഇതിന്റെ റിപ്പയറിംഗിനുവേണ്ടി കാലേക്കൂട്ടി അടച്ചിട്ടത് ശരിയാണോ എന്നുള്ളത് സംബന്ധിച്ച് തർക്കങ്ങളുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുമായി ബന്ധപ്പെട്ട ഒരു യോഗം വിളിച്ചുചേർത്തിരുന്നു. മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം ഞാനും ഡൽഹിയിൽ പോയി സിവിൽ ഏവിയേഷൻ മന്ത്രിയുമായി ഈ കാര്യം ചർച്ച നടത്തിയിരുന്നു. അങ്ങ് ഈ കാര്യത്തിൽ എനിക്ക് ഒരു നിവേദനം തന്ന കാര്യം കൂടി ഞാൻ ഈ സന്ദർഭത്തിൽ പരാമർശിക്കുകയാണ്. ബഹുമാനപ്പെട്ട ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി ചൂണ്ടിക്കാണിച്ച വിഷയം വളരെ ഗൗരവമുള്ളതാണ്. ഈ കാര്യത്തിൽ പ്രാദേശികമായിട്ടുള്ള ആളുകൾ ഇതിന്റെ ബാക്കി സ്ഥലം ഏറ്റെടുക്കുന്നതിന് സഹകരിക്കണം എന്നുകൂടി ഞാൻ അഭ്യർത്ഥിക്കുന്നു. അതിന് ജനപ്രതിനിധികളും

മുൻകൈ എടുക്കുന്നത് ഉചിതമായിരിക്കും.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, ഞാൻ മനസ്സിലാക്കിയിടത്തോളം ഒരു റൺവേയ്ക്ക് 12000 അടി സ്ഥലമാണ് ആവശ്യമുള്ളതെന്നാണ്. ഇതിൽ 9000 അടി റൺവേയ്ക്ക് already അവിടെയുണ്ട്. അതുകഴിച്ച് ബാക്കിയുള്ള സ്ഥലം റൺവേ ആക്കാൻവേണ്ടി acquisition നടത്തിയതിനു ശേഷമുള്ള സ്ഥലം നെടിയൂർ പഞ്ചായത്തിൽ ഇപ്പോഴുമുണ്ട്. ഏകദേശം 40 ഏക്കറോളം സ്ഥലം അവിടെ ശേഷിക്കുന്നുണ്ട്. ആളുകൾക്ക് ഈ കാര്യങ്ങളിലൊക്കെ വളരെയധികം സംശയമുണ്ട്. അന്ന് നമ്മൾ acquire ചെയ്യാൻ വേണ്ടി വിമാനത്താവളത്തിൽ നിന്ന് മാറ്റി താമസിപ്പിച്ച പല ആളുകളും ഇന്ന് acquire ചെയ്യാൻപോകുന്ന ഭൂമിയിൽ ഉൾപ്പെട്ടിരിക്കുകയാണ്. ഇതുസംബന്ധിച്ച് എനിക്ക് പറയാനുള്ളത്, റൺവേ അറ്റകുറ്റപ്പണി എന്ന് തുടങ്ങി എന്ന് തീരും; റദ്ദാക്കിയ വിമാനസർവ്വീസുകൾ എന്ന് ആരംഭിക്കും? വിമാനത്താവളത്തിന്റെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും ഉന്നതതലയോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുന്നതിന് നടപടി സ്വീകരിക്കുമോ ?

മി. ചെയർമാൻ: വിമാനത്താവളം സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ ജനപ്രതിനിധി എന്ന നിലയിൽ ഞാൻ ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട

മിനിസ്റ്റർക്ക് ഒരു നിവേദനം സമർപ്പിച്ചിരുന്നു.

ശ്രീ. കെ. ബാബു: സർ, ബഹുമാനപ്പെട്ട കെ. മുഹമ്മദുണ്ണി ഹാജി പറഞ്ഞതുപോലെ ഈ പ്രശ്നത്തിന് പ്രാരംഭമായി നാളെ ഒരു യോഗം ഞാൻ വിളിച്ചുചേർക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതു ഞാൻ നേരത്തെതന്നെ സൂചിപ്പിച്ചു. ഇതിന്റെ തുടക്കത്തിൽ ഡൽഹിയിൽ പോയി സിവിൽ ഏവിയേഷൻ മന്ത്രിയുമായി ഈ കാര്യം ചർച്ച നടത്തിയിരുന്നു. അവർ ഫെസ്റ്റിവൽ സീസൺ/ പെരുന്നാൾ സമയം ഒഴിവാക്കാമെന്നു പറഞ്ഞിരുന്നെങ്കിലും അത് ഒഴിവാക്കിയില്ല. ഏതായാലും നാളത്തെ പ്രാരംഭ യോഗത്തിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈയെടുത്ത് ഒരു യോഗം വിളിക്കാൻ അദ്ദേഹത്തോട് അഭ്യർത്ഥിക്കുന്നതാണ്. വേണ്ടിവന്നാൽ ഈ കാര്യത്തിന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഡൽഹിയിൽ പോയി സിവിൽ ഏവിയേഷൻ മന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി ഗവൺമെന്റ് ചർച്ച നടത്തുന്നതുമാണ്. ബഹുമാനപ്പെട്ട ശ്രീ. കെ. എൻ. എ. ഖാദറും (ചെയർ) ഈ കാര്യം പലപ്രാവശ്യം എന്നോട് സൂചിപ്പിക്കുകയും എഴുതിത്തരുകയും ചെയ്തിരുന്നു. ഇതുസംബന്ധിച്ച് ഒരു ചോദ്യം സഭയിൽ ചോദിച്ചിരുന്നു. അങ്ങ് അവിടത്തെ എം.എൽ.എ. ആണെന്നറിയാം. എനിക്ക് ബഹുമാനപ്പെട്ട ചെയറിനോടും അതുപോലെതന്നെ ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി ഉൾപ്പെടെയുള്ള എല്ലാവരോടും

പറയാനുള്ളത് റിപ്പയറിംഗ് വേഗത്തിൽ പൂർത്തിയാക്കിയാലും ഈ എയർപോർട്ടിന്റെ പ്രവർത്തനം നന്നായി നടക്കണമെങ്കിൽ ഭൂമി ഏറ്റെടുത്തേ തീരൂ. അതിന് അനുകൂലമായ രാഷ്ട്രീയ-സാമൂഹിക കാലാവസ്ഥ മലപ്പുറം ജില്ലയിലെ ജനപ്രതിനിധികളും നേതാക്കളും സൃഷ്ടിച്ചില്ലെങ്കിൽ ഈ എയർപോർട്ടിന്റെ പ്രവർത്തനം അവതാളത്തിലാകും. കാരണം ഈ എയർപോർട്ടിന് 2650 മീറ്റർ റൺവേ മാത്രമേയുള്ളൂ. കണ്ണൂർ എയർപോർട്ടിന് 3050 മീറ്റർ നീളമുള്ള റൺവേ പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ എയർപോർട്ടിന്റെ സ്ഥിതി വളരെയേറെ ബുദ്ധിമുട്ടിലാകും എന്നാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്.

ഭരണാനുമതി നൽകൽ

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2015 മേയ്, ജൂൺ മാസങ്ങളിലായി കേരളത്തിലെ 14 ജില്ലകളിലും ജനസമ്പർക്ക പരിപാടി സംഘടിപ്പിക്കുകയുണ്ടായി. ഈ പരിപാടികളുമായി ബന്ധപ്പെട്ട് 14 ജില്ലകളിലുമായി നിരവധി വാഗ്ദാനങ്ങൾ അദ്ദേഹം നൽകിയിട്ടുണ്ട്. പ്രസ്തുത പരിപാടികൾ നടപ്പിലാക്കാനുള്ള എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; ഈ പ്രഖ്യാപിത പരിപാടികൾ നടപ്പിലാക്കി പൂർത്തീകരിക്കാൻ എത്ര തുക ആവശ്യമാണ്; ആ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എവിടെ

നിന്നാണ് പണം കണ്ടെത്താൻ ഉദ്ദേശിക്കുന്നത്; ഇത് നടപ്പിലാക്കാൻ കാലപരിധി എന്തെങ്കിലും നിശ്ചയിച്ചിട്ടുണ്ടോ; കേരളത്തിന്റെ ആസൂത്രണ ബോർഡുമായി ആലോചിച്ചുകൊണ്ടാണോ ഈ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുള്ളത്? എന്റെ ജില്ലയായ കാസർഗോഡിൽ മേയ് 14-ന് 30 ലക്ഷം രൂപ ചെലവഴിച്ചാണ് ജനസമ്പർക്ക പരിപാടി സംഘടിപ്പിച്ചത്. പത്രക്കാരെയും ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും രാഷ്ട്രീയപാർട്ടി നേതാക്കന്മാരെയുമൊക്കെ സംഘടിപ്പിച്ചു കൊണ്ടാണ് ജില്ലയിലെ പ്രധാനപ്പെട്ട പത്ത് വികസന പ്രവർത്തനങ്ങളുടെ പ്രഖ്യാപനങ്ങൾ അവിടെ നടന്നത്. മാതൃഭൂമിയിൽ അതിന്റെ റിപ്പോർട്ട് വന്നിട്ടുണ്ട്. കാസർഗോഡ് മെഡിക്കൽ കോളേജിന് അന്തിമ അനുമതി ഒരാഴ്ചയ്ക്കകം ലഭിക്കും. കാരുണ്യ പദ്ധതിയിൽ മംഗലാപുരത്തെ ആശുപത്രികളെ ഉൾപ്പെടുത്തും, 100 എൻഡോസൾഫാൻ ദുരിതബാധിതർക്ക് വീട്, കടാശ്വാസം, പുനരധിവാസ ഗ്രാമം, മഞ്ചേശ്വരം-വെള്ളരിക്കുണ്ട് താലൂക്ക് ആശുപത്രികൾ ഉടൻ, ബാവിക്കര റെഗുലേറ്റർ പദ്ധതി ഉടൻ പൂർത്തീകരിക്കും, നീലേശ്വരം നഗരസഭയ്ക്ക് ബസ് സ്റ്റാന്റിന് സ്ഥലം അനുവദിക്കും, കാസർഗോഡ് ഗവൺമെന്റ് കോളേജിൽ ഇൻഡോർ സ്റ്റേഡിയം പണിയും, നീലേശ്വരം പള്ളിക്കര റെയിൽവേ മേൽപ്പാലം പ്രാവർത്തികമാക്കും. ഇതെല്ലാം ഈ ജില്ലയെ സംബന്ധിച്ചിടത്തോളം പരമ പ്രധാനമായ കാര്യങ്ങളാണ്.

ഇവയെല്ലാം നടപ്പിലാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? ഈ പ്രഖ്യാപനങ്ങൾ നടന്നിട്ട് രണ്ടര മാസമായി. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഒരുപാട് കാര്യങ്ങൾ ഇവിടെ പറഞ്ഞു. പ്രഖ്യാപനം നടത്തിയിട്ട് മൂന്ന് വർഷമായി. ഇന്നുവരെ അവിടെ പഠനത്തിനു വേണ്ടിയിട്ടുള്ള സൗകര്യം ഏർപ്പാടാക്കിയിട്ടില്ല. കെട്ടിടത്തിനുവേണ്ടി ഫണ്ട് കൊടുത്തിരുന്നു. പക്ഷെ അഡ്മിഷൻ നടക്കുന്നില്ല. കേന്ദ്ര യൂണിവേഴ്സിറ്റി വന്നു. ആ യൂണിവേഴ്സിറ്റി പ്രഖ്യാപിച്ചപ്പോൾതന്നെ അവിടെ അഡ്മിഷനും പഠനങ്ങളും നടന്നു. ഇപ്പോഴാണ് അവിടെ കെട്ടിടങ്ങളും മറ്റുസൗകര്യങ്ങളും വന്നിട്ടുള്ളത്. കുട്ടികളെ അഡ്മിറ്റ് ചെയ്ത് പഠിപ്പിക്കാനാവശ്യമായ സൗകര്യം ഈ മെഡിക്കൽ കോളേജിൽ ഏർപ്പെടുത്താത്തത് എന്തുകൊണ്ടാണ്? വെറും പ്രഖ്യാപനംകൊണ്ട് മാത്രം കാര്യമില്ല. മറ്റൊരു പ്രധാനപ്പെട്ട കാര്യം, മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും അവിടെ ആയിരക്കണക്കിന് ആളുകൾ പങ്കെടുക്കുന്ന പല പരിപാടികൾക്കും വരികയും പല പ്രഖ്യാപനങ്ങൾ നടത്തുകയും ചെയ്തു. അതിലൊന്ന് നീലേശ്വരം നഗരസഭയ്ക്ക് ബസ് സ്റ്റാന്റ് പണിയുന്നതിനായി രണ്ട് ഏക്കർ സ്ഥലം അനുവദിക്കാമെന്നുള്ളതാണ്. അത് ക്യാബിനറ്റ് അംഗീകരിച്ചതാണ്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ആ സ്ഥലം നേരിട്ടു കാണുകയും കൊടുക്കാമെന്ന്

സമ്മതിച്ചതുമാണ്. പക്ഷെ ഇതുവരെ ലഭിച്ചിട്ടില്ല. കാർഷിക സർവ്വകലാശാലയിലെ വൈസ് ചാൻസലറാണ് എല്ലാം തീരുമാനിക്കുന്നത്. അദ്ദേഹത്തെ മറികടക്കാൻ ക്യാബിനറ്റിനും മുഖ്യമന്ത്രിക്കും കഴിയില്ല. എന്തൊരു ധിക്കാരമാണിത്; ഇവിടെ ഭരണമുണ്ടോ; ഒരു ഉദ്യോഗസ്ഥന്റെ താല്പര്യത്തിനനുസരിച്ച് നിന്നുകൊടുക്കാനുള്ളതാണോ കേരളത്തിന്റെ ക്യാബിനറ്റ് തീരുമാനം? ഗവൺമെന്റിന്റെ തീരുമാനത്തിനെതിരായി ഇപ്പോൾ ജീവനക്കാരെയും വിദ്യാർത്ഥികളെയും തൊഴിലാളികളെയും ഇറക്കി അവിടെ സമരം നടത്തുകയാണ്. എന്തൊരു ഭരണമാണിത്? അതുകൊണ്ട് ഇക്കാര്യത്തിൽ ഗൗരവമായ തീരുമാനമുണ്ടാകണം. മുഖ്യമന്ത്രി പലപ്പോഴും അവിടെ വന്നപ്പോൾ അടിയന്തരമായി സ്ഥലം അനുവദിക്കുമെന്ന് പറഞ്ഞിട്ടുള്ളതാണ്. അനുവദിക്കുമോ ഇല്ലയോ എന്നുള്ള കാര്യം ഉറപ്പാക്കണം. കഴിഞ്ഞ 25-ാം തീയതി കൗൺസിൽ യോഗം നടന്നപ്പോൾ മുഴുവൻ കൗൺസിലർമാരും കക്ഷിരാഷ്ട്രീയത്തിനതീതമായി ഇവിടെ വന്നു. 2 ഏക്കർ സ്ഥലത്തിനുപകരം 5 ഏക്കർ സ്ഥലം തരണമെന്ന് പറഞ്ഞു. അല്ലെങ്കിൽ അതിനുള്ള വില തരണമെന്നു പറഞ്ഞു. അത് എങ്ങനെ നടപ്പിലാകും? നീലേശ്വരം ടൗണിൽനിന്നും അടുത്ത പ്രദേശത്ത് മറ്റെവിടെയും വേറെ സ്ഥലം കിട്ടാനില്ല. സ്ഥലം കിട്ടിയില്ലെങ്കിൽ ജനങ്ങൾ സമരസമിതിയുണ്ടാക്കിക്കൊണ്ട് മുനിസിപ്പാലിറ്റി

ബന്ദ് പോലുള്ള പരിപാടികൾ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ 21-ാം തീയതി അവിടെ സമരം നടന്നു. അതുകൊണ്ട് ഇക്കാര്യത്തിൽ വളരെ ഗൗരവമായിട്ടുള്ള തീരുമാനമുണ്ടാകണം. ഇത് എന്റെ മണ്ഡലത്തിലുള്ള കാര്യമാണ്. ROB-യെക്കുറിച്ച് പറയുകയാണെങ്കിൽ, നാഷണൽ ഹൈവേയിൽ റെയിൽവേ മേൽപ്പാലം ഇല്ലാത്തതിനാൽ നീലേശ്വരം റെയിൽവേ ഗേറ്റിൽ മണിക്കൂറുകളോളം ജനങ്ങൾക്ക് കാത്തുകെട്ടിക്കിടക്കേണ്ടിവരുന്നു. എന്റെ മണ്ഡലത്തിലുള്ള ചെറുവത്തൂർ പഞ്ചായത്തിൽ ഒരു റെയിൽവേ മേൽപ്പാലം ഉദ്ഘാടനം ചെയ്യാനായി മുഖ്യമന്ത്രി വന്നപ്പോൾ പറഞ്ഞത് ഇത് എന്തൊരു കഷ്ടമാണെന്നാണ്. അതുകൊണ്ട് അടിയന്തരമായി നീലേശ്വരം റെയിൽവേ മേൽപ്പാലമാണ് പണിയേണ്ടത്. ആരാണ് ഇത് പണിയേണ്ടത്? ഇതുസംബന്ധിച്ച് അവ്യക്തത നിലനിൽക്കുകയാണ്. കഴിഞ്ഞ 21-ാം തീയതി ഇവിടെ ഒരു സബ്മിഷൻ ഉന്നയിച്ചപ്പോൾ പറഞ്ഞത് 2009-ൽ പതിനാല് കോടി രൂപയുടെ എസ്റ്റിമേറ്റായിരുന്നത്, ഇപ്പോൾ 40 കോടി രൂപയുടെ എസ്റ്റിമേറ്റാണെന്നാണ്. ആരാണ് 40 കോടിരൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത്; കേരളാ ഗവൺമെന്റാണോ; പി.ഡബ്ല്യു.ഡി. ആണോ; അതോ കേന്ദ്ര ഉപരിതല ഗതാഗത അതോറിറ്റിയാണോ? ഇത് നാഷണൽ ഹൈവേയിലാണ്. അത് നാഷണൽ ഹൈവേ അതോറിറ്റി ഏറ്റെടുക്കാതെ ഉപേക്ഷിച്ചിരിക്കുകയാണ്.

അതുകൊണ്ട് അടിയന്തരമായി റെയിൽവേ മേൽപ്പാലം നിർമ്മിക്കാനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് ഇതുമായി ബന്ധപ്പെട്ട് എനിക്ക് പറയുവാനുള്ളത്. എന്റെ ജില്ലയിലെ മറ്റ് കാര്യങ്ങളെല്ലാം മാതൃഭൂമി പത്രത്തിൽ പറഞ്ഞിട്ടുണ്ടല്ലോ; കണ്ണൂർ ജില്ലയിലെ പയ്യന്നൂരിൽ താലൂക്ക് അനുവദിക്കാമെന്ന് പറഞ്ഞിട്ട് ഒരു വർഷത്തിലേറെയായി. കൂടാതെ അവിടെ ഒരു പൂരക്കളി അക്കാഡമി സ്ഥാപിക്കുമെന്ന് പറഞ്ഞു. ഇതുവരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. പരിയാരം മെഡിക്കൽ കോളേജ് ഗവൺമെന്റ് ഏറ്റെടുക്കുമെന്ന് പറഞ്ഞു. ജലരേഖപോലെയുള്ള എത്രയെത്ര പ്രഖ്യാപനങ്ങളാണ്. ഇതൊന്നും നടപ്പിലാക്കാത്തത് എന്തുകൊണ്ടാണ്; വെറുതേ പ്രഖ്യാപിച്ചതുകൊണ്ടുമാത്രം കാര്യമില്ല. അതൊക്കെ നടപ്പിലാക്കാനാവശ്യമായ അടിയന്തരനടപടികൾ സ്വീകരിക്കണമെന്നാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഉന്നയിക്കുന്നത്. "വായിൽ തോന്നുന്നത് കോതയ്ക്ക് പാട്ട്" എന്ന് നാട്ടിൽ ഒരു പഴഞ്ചൊല്ലുണ്ട്. ക്യാബിനറ്റ് തീരുമാനിച്ചാൽ ഞങ്ങളത് അംഗീകരിക്കില്ല, നമുക്ക് ബാധകമേയല്ല, ഞങ്ങൾക്ക് തോന്നുന്നതാണ് ഞങ്ങൾ നടപ്പിലാക്കുന്നത് എന്ന രീതിയിലുള്ള ഇവിടുത്തെ ഉദ്യോഗസ്ഥൻമാരുടെ നിലപാട് നമുക്ക് മാറ്റിയെടുക്കേണ്ടേ? അതുകൊണ്ട് അടിയന്തരമായി ഇത്തരം കാര്യങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക്

വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ജനസമ്പർക്ക പരിപാടി ആദ്യം നടന്ന തിരുവനന്തപുരം ജില്ലയൊഴികെ ബാക്കി 13 ജില്ലകളിലും അവിടത്തെ ജനപ്രതിനിധികളുമായും ഉദ്യോഗസ്ഥരുമായും ചാർജ്ജുള്ള മന്ത്രിയുടെ നേതൃത്വത്തിൽ ചർച്ച ചെയ്ത് പരിപാടികൾ പ്രഖ്യാപിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ അതിൽ പങ്കെടുക്കാതിരുന്നതുകൊണ്ടാണ് ഇങ്ങനെയൊരു സംശയമുണ്ടായത്. ഇതൊന്നും പുതിയകാര്യങ്ങളല്ലെന്ന് അവിടെവച്ചുതന്നെ പറഞ്ഞിട്ടുണ്ട്. ഇതെല്ലാം ഏതെങ്കിലും അവസരത്തിൽ ബഡ്ജറ്റിലോ നയപ്രഖ്യാപനത്തിലോ നിയമസഭയിലോ ഉന്നയിച്ചിട്ടുള്ളതും നടത്തണമെന്ന് ആഗ്രഹിക്കുന്നതുമായ കാര്യങ്ങളാണ്. അതെല്ലാം ഒരു തർക്കവുമില്ലാതെ നടക്കണം. സാങ്കേതികവും നിയമപരവും സാമ്പത്തികവുമായ പരിമിതികളായിരിക്കും ചിലപ്പോൾ തടസ്സങ്ങളാകുന്നത്. പല കാരണങ്ങൾകൊണ്ട് നടക്കാതെപോയ കാര്യങ്ങൾ നടത്താമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അത് നടപ്പിലാക്കുന്നതിന് പ്രത്യേകം സ്കീമുകൾ തയ്യാറാക്കുന്നുണ്ട്. അങ്ങ് കാസർഗോഡ് ജില്ലയിലെ കാര്യങ്ങളാണ് പറഞ്ഞത്. മംഗലാപുരത്തുള്ള ആശുപത്രികളെ കൂടി കാരുണ്യ ചികിത്സാ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നുള്ളത് കാസർഗോഡുള്ളവരുടെ പൊതുവായ ആവശ്യമാണ്.

ക്യാബിനറ്റിൽ ചർച്ച ചെയ്ത് അത് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. മംഗലാപുരത്തെ മാത്രമല്ല കേരളത്തിന്റെ അതിർത്തിയിലുള്ള പ്രധാനപ്പെട്ട ആശുപത്രികളിൽ പോകുന്നവർക്കുകൂടി കാരുണ്യ പദ്ധതിയുടെ സഹായം കിട്ടാനുള്ള നടപടി സ്വീകരിക്കുന്നതാണ്. കാരണം കേരളത്തിനകത്തുള്ള ചില ആശുപത്രികൾ ഇന്ന് കാരുണ്യ പദ്ധതിക്ക് പുറത്താണ്. അതും കൂടി കാരുണ്യ പദ്ധതിയിലേയ്ക്ക് കൊണ്ടുവരാൻ ആഗ്രഹിക്കുന്നു. രോഗികളുടെയും ജനപ്രതിനിധികളുടെയും ഭാഗത്തുനിന്ന് നിരന്തരമായി ഉന്നയിക്കുന്ന കാര്യമാണിത്. അത് ഞങ്ങൾ തത്വത്തിൽ തീരുമാനിച്ചു. മംഗലാപുരത്തേയ്ക്കും കോയമ്പത്തുരേയ്ക്കും രോഗികൾ പോയാൽ അവിടുത്തെ പേയ്മെന്റ് സംബന്ധിച്ച് എങ്ങനെവേണം, കേരളത്തിൽ കാരുണ്യ പരിധിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഹോസ്പിറ്റലുകൾ വരുമ്പോൾ ഓരോ രോഗത്തിനും പേയ്മെന്റ് എങ്ങനെ ഫിക്സ് ചെയ്യാമെന്നുള്ളതിനെക്കുറിച്ച് ആലോചിച്ച് വരികയാണ്. ഉടൻ തന്നെ അതുസംബന്ധിച്ച് തീരുമാനമെടുക്കും. അങ്ങ് പള്ളിക്കര റെയിൽവേ മേൽപ്പാലത്തെക്കുറിച്ച് പറഞ്ഞു. അത് ഞാനന്ന് പ്രാഖ്യാപിക്കുമ്പോഴത്തെ ആവശ്യമല്ലല്ലോ, വർഷങ്ങളായിട്ടുള്ള ആവശ്യമാണ്. പക്ഷേ നടക്കുന്നില്ല. എന്നാലത് അത്യാവശ്യമാണ്. അതിന് പരിഹാരം ഉണ്ടാക്കാൻവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതിനുള്ള തടസ്സം

അങ്ങേയ്ക്കറിയാം. കാരണം, നാലുവരി റോഡിന് സ്ഥലമെടുത്തശേഷം നാലുവരിയിലുള്ള ആർ.ഒ.ബി. എന്നാണ് ഇപ്പോൾ നാഷണൽ ഹൈവേ ഉദ്യോഗസ്ഥർ പറയുന്നത്. എങ്കിൽ നമുക്ക് ഇനിയും വളരെ കൊല്ലങ്ങൾ കാത്തിരിക്കേണ്ടി വരും. അതുകൊണ്ട് കാഞ്ഞങ്ങാട് ആർ.ഒ.ബി. പണിതതുപോലെ, ഇപ്പോഴുള്ള വീതിയിൽ ആർ.ഒ.ബി. പണിയുക, റോഡിന് വീതി കൂട്ടുന്ന സമയത്ത് വേറൊരു ആർ.ഒ.ബി. കൂടി പണിയാമെന്ന ഒരു നിർദ്ദേശം സ്റ്റേറ്റ് ഗവൺമെന്റ് വയ്ക്കുകയാണ്. അത് നടപ്പിലാക്കണമെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ അനുമതി വേണം. അത് ലഭിക്കുന്നതിനുവേണ്ടി ശ്രമിക്കുകയാണ്. നീലേശ്വരം ബസ് സ്റ്റാന്റിനെക്കുറിച്ച് പറഞ്ഞു. അതും എത്രയോ വർഷങ്ങളായിട്ടുള്ള ആവശ്യമാണ്. കാർഷിക യൂണിവേഴ്സിറ്റിക്ക് സ്ഥലം വിട്ടുകൊടുക്കാൻ തീരുമാനിച്ചു. കാർഷിക യൂണിവേഴ്സിറ്റി സ്ഥലം കൊടുക്കാനും തീരുമാനിച്ചു. എന്നാൽ അവിടെ എവിടെയാണ് സ്ഥലം വിട്ടുകൊടുക്കേണ്ടതെന്ന പുതിയ തർക്കം വന്നു. അവിടെയും ഭരണ സമിതിയിൽ വൈസ് ചാൻസലർ മാത്രമല്ല ജനപ്രതിനിധികളും അദ്ധ്യാപക സംഘടനാ പ്രതിനിധികളും ഉണ്ട്. അതിന്റെ ഭരണസമിതിയും അവിടത്തെ ജീവനക്കാരുമെല്ലാം ഒരു ഭാഗത്തും നീലേശ്വരം മുനിസിപ്പൽ കൗൺസിൽ മറുഭാഗത്തുമാണ്. അതിൽ നീലേശ്വരം മുനിസിപ്പൽ കൗൺസിൽ പറയുന്നതാണ്

ശരി എന്നാണ് എന്റെ വിശ്വാസം. ജനങ്ങൾക്ക് ഏറ്റവും വേഗത്തിൽ വരാൻ സാധിക്കുന്ന സ്ഥലമായിരിക്കണം ബസ് സ്റ്റാന്റ്. അത് ഏതാണ്ട് മുക്കാൽ കിലോമീറ്ററോളം നീണ്ടുകിടക്കുന്ന ഒരു വസ്തുവിന്റെ അങ്ങേയറ്റത്ത് വേണോ ഇങ്ങേയറ്റത്ത് വേണോ എന്നതാണ് തർക്കം. ജനങ്ങൾക്ക് വരാൻ സൗകര്യമുള്ളത് ടൗണിനോട് അടുത്തുള്ള ഭാഗത്തായതുകൊണ്ട് അവിടെ കൊടുക്കണമെന്ന് ഞാൻ വ്യക്തമായി പറഞ്ഞു. അതിന് അവിടെ ചില തടസ്സങ്ങൾ വന്നിട്ടുണ്ട്. ആ തടസ്സങ്ങൾ നീക്കി ഒരു പരിഹാരം ഉണ്ടാക്കും. നാട്ടിൽ ചില കാര്യങ്ങൾ നടപ്പിലാക്കുന്നതിന് ധനപരവും നിയമപരവും പ്രായോഗികപരവുമായ തടസ്സങ്ങൾ ഉണ്ടാകുകയാണെങ്കിൽ അവയൊക്കെ പറഞ്ഞു തീർക്കണം. ഈ പ്രഖ്യാപിച്ച പദ്ധതികളെല്ലാം തന്നെ ഏതെങ്കിലും ഒരു കാലത്ത് പ്രഖ്യാപിച്ചതും നടപ്പിലാക്കാൻ സാധിക്കാതെ പോയതും അത് എങ്ങനെയെങ്കിലും നടപ്പിലാക്കാൻ വേണ്ടിയുള്ള ഒരു ശ്രമമാണ് ഇപ്പോൾ നടത്തുന്നത്. കാസർഗോഡ് പത്ത് കാര്യങ്ങളാണ് അനൗൺസ് ചെയ്തിട്ടുള്ളത്. അതുൾപ്പെടെ 13 ജില്ലകളിലും പ്രഖ്യാപിച്ചിട്ടുള്ള കാര്യങ്ങൾ നിശ്ചിത സമയത്ത് തന്നെ നടപ്പിലാക്കുമെന്ന് പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u>: സർ, അങ്ങ് പറഞ്ഞതെല്ലാം

മനസ്സിലായി. ഇത് എന്ന് നടപ്പിലാക്കുമെന്നതാണ് പ്രശ്നം. സാറിന് ഇതിനോടൊന്നും താൽപ്പര്യക്കുറവൊന്നുമില്ല, വളരെ വേഗത്തിൽ നടപ്പിലാക്കണമെന്നുതന്നെയാണ് എല്ലാവരുടെയും ആഗ്രഹം. പക്ഷേ ആഗ്രഹിച്ചതുകൊണ്ടുമാത്രം കാര്യം നടക്കുകയില്ലല്ലോ; അതിനുവേണ്ടി എന്ത് നടപടികളാണ് ഇപ്പോൾ സ്വീകരിക്കുന്നത്? ഒരു നടപടിയും സ്വീകരിക്കുന്നില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നീലേശ്വരം ബസ് സ്റ്റാന്റിന്റെ കാര്യം പറഞ്ഞു. ജനങ്ങൾക്ക് ഉപകരിക്കുന്ന സ്ഥലത്തല്ലേ ബസ് സ്റ്റാന്റ് വേണ്ടത്. ടൗണിൽ നിന്നും കിലോമീറ്ററുകൾ നടന്നുപോയി ആരെങ്കിലും ബസ് കയറുമോ? ജനങ്ങൾക്കുവേണ്ടിയാണ് ബസ് സ്റ്റാന്റ്. ജനങ്ങളുടെ സൗകര്യത്തിന് അനുസൃതമായിട്ടാണെങ്കിൽ, മുനിസിപ്പാലിറ്റി പറഞ്ഞ പ്ലോട്ട് അവർക്ക് അനുവദിച്ച് കൊടുക്കാൻ തയ്യാറാകണം. സാറിനെ സംബന്ധിച്ചിടത്തോളം അഭിപ്രായവ്യത്യാസമില്ല, പക്ഷേ ഒരു ഗവൺമെന്റ് ഉദ്യോഗസ്ഥനാണ് കാര്യങ്ങൾ തീരുമാനിക്കുന്നതെന്നു പറഞ്ഞാൽ അത് ഗവൺമെന്റിന് ഭൂഷണമാണോ; ഒരു ഗവൺമെന്റ് ഉദ്യോഗസ്ഥന്റെ താൽപ്പര്യം അനുസരിച്ചാണ് കാര്യങ്ങൾ നടക്കുകയെന്നു പറഞ്ഞാൻ പിന്നെയെന്തിനാണ് ഗവൺമെന്റ്; ക്യാബിനറ്റ് തീരുമാനിച്ചതല്ലേ; സ്ഥലത്തിന് വില കിട്ടുന്നില്ലായെന്നും അഞ്ച് ഏക്കർ സ്ഥലം

വേറെ കൊടുക്കണമെന്നുമാണ് ഇപ്പോൾ പറയുന്നത്. സ്റ്റേറ്റ് ഗവൺമെന്റാണോ സെൻട്രൽ ഉപരിതല ഗതാഗത വകുപ്പാണോ ആർ.ഒ.ബി. യുടെ അതോറിറ്റി?

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം ചോദ്യം ചോദിക്കൂ...

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, ഒറ്റ കാര്യം, കഴിഞ്ഞ മാസം 21-ാം തീയതി തന്നിട്ടുള്ള മറുപടി ഉണ്ട്. ആ മറുപടിയിൽ, 2009-ൽ പതിനാല് കോടി രൂപയെന്നു പറഞ്ഞത്, ഇപ്പോൾ നാൽപ്പതുകോടി രൂപായെന്നാണ് പറയുന്നത്. കേന്ദ്ര അതോറിറ്റിയാണോ അതോ സ്റ്റേറ്റ് ഗവൺമെന്റാണോ ഈ നാൽപ്പതുകോടി രൂപ ചെലവഴിക്കുന്നത്? ഇപ്പോൾ രണ്ടുവരി പാത ഉണ്ടാക്കണമെങ്കിൽപ്പോലും നാൽപ്പതുകോടി രൂപ വേണം. ഇതിനുവേണ്ടി ഗവൺമെന്റ് എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞാൻ അത് പറഞ്ഞുകഴിഞ്ഞു. കാർഷിക യൂണിവേഴ്സിറ്റിയിലെ ഒരു ഉദ്യോഗസ്ഥന്റെ തടസ്സമല്ല. ആ ഭരണസമിതിയുടെ തടസ്സമാണ്. അവിടത്തെ ട്രേഡ് യൂണിയനുകൾ ഉന്നയിക്കുന്ന തർക്കമാണ്. പക്ഷേ ജനങ്ങൾക്ക് പ്രയോജനകരമായ സ്ഥലത്തുതന്നെ ബസ് സ്റ്റാന്റ് വേണമെന്ന എന്റെ അഭിപ്രായം ഞാൻ പറഞ്ഞു. അവിടെയൊരു അഭിപ്രായസമന്വയമുണ്ടാക്കാൻ വേണ്ടി ശ്രമിക്കുകയാണ്. കാർഷിക സർവ്വകലാശാലയുടെ ഗവേഷണ

ആവശ്യങ്ങൾക്കുവേണ്ടി കൊടുത്തിരിക്കുന്ന സ്ഥലം സൗജന്യമായി ഇങ്ങോട്ട് എടുക്കുകയാണ്. സ്ഥലം തരാമെന്ന് സമ്മതിച്ചു കഴിഞ്ഞു. പിന്നെ അത് എവിടെ എന്നുള്ളതിനെ കുറിച്ച് സമവായമുണ്ടാക്കാൻ വേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അത് അനുവദിക്കുമെന്നുള്ളതിൽ യാതൊരു തർക്കവുമില്ല.

ചീഫ് വിപ്പ് (<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u>): സർ, സ്ഥലം കൊടുക്കാൻ തീരുമാനിച്ചു കഴിഞ്ഞതാണ്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, അതറിയാം. കൊടുക്കാൻ തീരുമാനിച്ചു കഴിഞ്ഞു. എവിടെയെന്നുള്ള തർക്കമാണ് നിലനിൽക്കുന്നത്. ആ തർക്കമാണ് പരിഹരിക്കേണ്ടത്. ഒന്നും അടിച്ചേൽപ്പിക്കാതെ ഒരു സമന്വയത്തിലൂടെ പരിഹാരമുണ്ടാക്കാൻ ശ്രമിക്കുകയാണ്. അതുപോലെ തന്നെ, നാഷണൽ ഹൈവേ കേന്ദ്ര ഗവൺമെന്റിന്റേതാണ്. നമ്മൾ വീതി കൂട്ടാൻ സ്ഥലം കൊടുക്കുന്നില്ലെന്നുള്ള പരാതി അവർക്കുണ്ട്. അവർ വീതി കൂട്ടിയേ പാലം പണിയൂ. എന്നാൽ ഇപ്പോൾ വീതി കൂട്ടാതെ പണിയൂ, വീതി കൂട്ടുമ്പോൾ മറ്റുകാര്യങ്ങൾ ആലോചിക്കാമെന്ന് നമ്മൾ പറഞ്ഞു. കൊല്ലം-ആലപ്പുഴ ബൈപ്പാസുകൾക്ക് സ്ഥലം എടുത്തിട്ട് മുപ്പത്തിയഞ്ച് കൊല്ലമായി. ഈ തർക്കം കൊണ്ട് പണി നടക്കാതെ വന്നു. അവസാനം ഞങ്ങൾക്ക് ഒരു തീരുമാനം വേണമെന്നുപറഞ്ഞ് അവരോട് സംസാരിച്ചു. നിങ്ങൾ

പണിതോ ഞങ്ങൾ സമ്മതിച്ച തരാമെന്ന് അവർ പറഞ്ഞു. പകുതി പണം ഞങ്ങൾ തരാം നിങ്ങൾ പണി പൂർത്തിയാക്കുക, ബാക്കി പിന്നെ തീരുമാനിക്കാമെന്ന് പറഞ്ഞ് ഞങ്ങൾ ഒരു നിർദ്ദേശം വച്ചു. അവർ എഗ്രീ ചെയ്തു. രണ്ടിന്റെയും നിർമ്മാണോദ്ഘാടനം കഴിഞ്ഞു. പണി ആരംഭിക്കുകയാണ്. നാഷണൽ ഹൈവേ മുഴുവൻ ചെലവും വഹിക്കേണ്ട സ്ഥാനത്ത്, പകുതി പണം സംസ്ഥാന സർക്കാർ കൊടുത്ത് ബാക്കി പകുതി നാഷണൽ ഹൈവേ ഇട്ട് പണിയാൻ തീരുമാനിച്ചു. ഇപ്പോഴത്തെ വീതിക്ക് ആർ.ഒ.ബി. പണിയണമെന്ന് വ്യക്തമായൊരു നിർദ്ദേശം നമ്മൾ നാഷണൽ ഹൈവേയ്ക്ക് കൊടുത്തിരിക്കുകയാണ്. കാഞ്ഞങ്ങാടും കോഴിക്കോടിനും കണ്ണൂരിനും ഇടയ്ക്കുള്ള ഓവർ ബ്രിഡ്ജിന്റെ പണിയും പൂർത്തിയായല്ലോ? അവിടെയൊന്നും നാലുവരി പാത വരട്ടെയെന്ന് നാഷണൽ ഹൈവേ പിടിവാശി എടുത്തില്ല. അതുകൊണ്ട് ഇവിടെ അതിനൊരു മാറ്റം വരണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ഏറ്റവും വേഗത്തിൽ പ്രാവർത്തികമാക്കാൻ വേണ്ടി ശ്രമിക്കാം.